# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dompmksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.9/2437/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാഓഡിറ്റ്
കാര്യാലയം,

ഇ-മെയിൽ -വെബ്-www.lfa.kerala.gov.in

ഫോൺ 0483 2734951

തീയതി. 12-11-18

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/

തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി (aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ
3) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ

4)കാര്യാലയ പകർപ്പ്

നം കെ നം കെ.എസ്എ.എം.പി.എം.9/2437/2018

തിയ്യതി: 12-11-18

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 4.8.17. മുതൽ 26.9.18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 4.8.17. മുതൽ 31.8.18 വരെയുള്ള വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ സമാപന യോഗത്തിൽ അവതരിപ്പിയ്ക്കുകയും മറുപടി പരിഗണിയ്ക്കുകയും ചെയ്ത ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം,

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ :ശ്രീ എ എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം :27.9.2018 മുതൽ 10.10.2018വരെ

1. ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി. ഷീബ. ഇസഡ്. | ഓഡിററ് ഓഫീസർ (ഹ. ഗ്രേ.) |

| | | |
|---|---|---|
| | | |
| 2 | ശ്രീ. സന്തോഷ് പി ടി | അസിസ്ററന്റ് ഓഡിററ് ഓഫീസർ |
| 3 | ശ്രീ.അഷറഫ് .കെ. പി. | അസിസ്ററന്റ് ഓഡിററ് ഓഫീസർ |
| 4 | ശ്രീമതി.ലത .ഒ.വി | ഓഡിററർ |

2.നിർവഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീ. എൻ എം കോയമാസ്റ്റർ | 1.4.2017മുതൽ 31.3.2018 വരെ |

സെക്രട്ടറി

| ക്രമ നം | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീമതി ഗീത.പി.(ഇൻ ചാർജ്) | 1.4.2017മുതൽ 18.4.17വരെ |
| 3 | ശ്രീ.ഷാനിർ കെ | 19.4.17മുതൽ 31.3.18വരെ |

മററു നിർവഹണാധികാരികൾ

| ക്രമ നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| | കൃഷി ഓഫീസർ | ശ്രീമതി. സുധ എസ് | 1.4.17മുതൽ 07.01.18വരെ |

| | | | |
|---|---|---|---|
| | | ശ്രീ. ആഷിഖ് ടി.കെ | 08.01.18മുതൽ 31.3.18വരെ |
| 2 | വില്ലേജ് എക്സ്റ്ററൻ ഷൻ ഓഫീസർ | ശ്രീ. സൈനുദ്ദീൻ. കെ | 1.4.2017മുതൽ 31.3.18വരെ |
| 3 | മെഡിയ്ക്കൽ ഓഫീസർ (ആരോഗ്യം) | ഡോ .ജയനാരായണൻ | 1.4.2017മുതൽ 31.3.18വരെ |
| 4 | മെഡിയ്ക്കൽ ഓഫീസർ (ആയുർവേദം) | ഡോ . ശ്രീകല.എം പി | 1.4.2017മുതൽ 5.4.17വരെ |
| | | ഡോ.പ്രിൻസി സേവ്യർ | 6.4.17മുതൽ 13.12.17വരെ |
| | | ഡോ. ഷിജിലി.എൻ | 14.12.17മുതൽ 31.3.18വരെ |
| 5 | വെറ്ററിനറി സർജൻ | ഡോ.സ്മിത എസ്. | 1.4.2017മുതൽ 23.5.17വരെ |
| | | ഡോ.അജു.പി. | 24.5.17 മുതൽ 28.9.17വരെ |
| | | ഡോ.രജീഷ് | 29.9.17 മുതൽ 21.10.17വരെ |
| | | ഡോ.അജു.പി. | 22.10.17മുതൽ 31.3.18വരെ |
| 6 | ഹെഡ്മാസ്റ്റർ | ശ്രീ.ഇബ്രാഹിം കുട്ടി | 1.4.2017മുതൽ 31.3.18വരെ |

| | | | |
|---|---|---|---|
| 7 | ഐ.സിഡിഎസ് സൂപ്പർവൈസർ | ശ്രീമതി. ആമിന | 1.4.2017മുതൽ 31.3.18വരെ |
| 8 | അസിസ്ററന്റ് സെക്രട്ടറി | ശ്രീമതി. ഗീത.പി | 1.4.2017മുതൽ 31.3.18വരെ |
| 9 | അസിസ്ററന്റ് എഞ്ചിനിയർ | ശ്രീ.മുഹമ്മദ് അൻസാർ ഉമ്മിണിയിൽ | 1.4.2017മുതൽ 10.11.17വരെ |
| | | ശ്രീ.മുഹമ്മദ് അലി | 11.11.17മുതൽ 6.1.18വരെ |
| | | ശ്രീ.അലി ഫൈസൽ | 7.1.18മുതൽ 31.3.18വരെ |
| 10 | മെഡിയ്ക്കൽ ഓഫീസർ (ഹോമിയോ) | ഡോ .സഫ്ന. കെ.കെ | 1.4.2017മുതൽ 31.3.18വരെ |
| 11 | ക്ഷീര വികസന ഓഫീസർ | ശ്രീ.മുഹമ്മദ് അലി | 1.4.2017മുതൽ 31.3.18വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തൊഴിലുറപ്പ് പദ്ധതി | 1(7) |
| 8 | ക്ഷേമ പദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | ആഭ്യന്തര നിയന്ത്രണം | 1(10) |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(11) |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1(12) |
| | ഭാഗം 11<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണം | |
| 13 | ഡി& ഒ ലൈസൻസ് തുക കുറവായി അടവാക്കി | 2(1) |
| 14 | തൊഴിൽ നികുതി അപാകതകൾ | 2(2) |
| 15 | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ശരിയായി സൂക്ഷിയ്ക്കുന്നില്ല | 2(3) |
| 16 | ഇ-ടെൻഡർ മുഖേന സ്വീകരിച്ച ഇ.എം.ഡി.,ടെൻഡർ ഫീ എന്നിവ പഞ്ചായത്തിൻറ അക്കൗണ്ടിലേയ്ക്ക് കൈമാറിയില്ല | 2(4) |
| | ഭാഗം 111<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണം | |
| 17 | കുടുംബശ്രീ വിപണന കേന്ദ്രം ഉപയുക്തമാക്കേണ്ടത് സംബന്ധിച്ച് | 3(1) |
| 18 | സ്വാപ് ഷോപ്പ് - പ്രവർത്തനം മന്ദീഭവിച്ചു | 3(2) |

| | | |
|---|---|---|
| 19 | ദീർഘ വീക്ഷണമില്ലാതെയും ശരിയായ പഠനം നടത്താതെയും പദ്ധതികൾ തയ്യാറാക്കി നിർവ്വഹണ ഘട്ടത്തിൽ മാറ്റം വരുത്തുന്നത് പദ്ധതി വിജയത്തിന് വിഘാതം | 3(3) |
| 20 | അസിസ്ററന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ ചില അപാകതകൾ | 3(4) |
| 21 | പ്രവർത്തനമാരംഭിയ്ക്കാത്ത പകൽവീടുകളിലേയ്ക്ക് ഫർണീച്ചറുകൾ വാങ്ങിയത് ഉപയോഗപ്രദമാക്കിയില്ല | 3(5) |
| 22 | തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ ചരിത്രം തയ്യാറാക്കൽ -സമയ ബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ് | 3(6) |
| 23 | ഡെപ്പോസിറ്റ് വർക്കുകൾ സംബന്ധിച്ച് | 3(7) |
| 24 | അലോപ്പതി മരുന്നുകൾ ലഭ്യമാക്കാൻ കാലതാമസം | 3(8) |
| 25 | രേഖകൾ ഹാജരാക്കുന്നതു സംബന്ധിച്ച് | 3(9) |
| 26 | ലൈബ്രറി പ്രവർത്തനക്ഷമമാക്കേണ്ടതാണ്. | 3(10) |
| 27 | മഴക്കാല പൂർവ്വ ശുചീകരണം-ചെലവ് രേഖകൾ ഹാജരാക്കിയില്ല. | 3(11) |
| 28 | കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്- സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല. | 3(12) |
| 29 | ബാലസഭ -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 3(13) |
| 30 | വനിതകൾക്ക് ശിങ്കാരിമേളം-പദ്ധതി ഫലപ്രാപ്തിയിലെത്തിയിട്ടില്ല. | 3(14) |
| 31 | അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ | 3(15) |
| | ഭാഗം 1vപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |

| | | |
|---|---|---|
| 32 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 33 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4(2) |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച വിവരങ്ങൾ | 4(3) |
| 35 | വായ്പ /വായ്പ തിരിച്ചടവ് | 4(4) |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4(5) |
| 37 | ഓഡിറ്റ് റിക്കവറി | 4(6) |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 39 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4(8) |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4(10) |
| | അനുബന്ധം | |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 43 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ | അനുബന്ധം-2 |
| 44 | റസീപ്റ്റ് & പെയ്മെന്റ് | അനുബന്ധം-3 |
| 45 | ബാലൻസ് ഷീറ്റ് | അനുബന്ധം-4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2017-18 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) |
|---|---|

| | |
|---|---|
| 1/23.3.2017 | 1/26.10.17 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 18.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
|---|---|---|
| 2017-18 | 13-06-2018 to 14-06-2018 | No. KSA.MPM9/1262/18 തീയതി 04-07-18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 30375605 |
| വരവ് | 95659618 |
| ആകെ | 126035223 |
| ചെലവ് | 95640904 |
| നീക്കിബാക്കി | 30394319 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 21473000 | 21473000 | 19710962 | 1762038 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്(എസ്.സി.പി) | | 0 | 12827162 | 12827162 | 11962350 | 864812 |
| വികസനഫണ്ട്(ടി.എസ്.പി) | | 0 | 187924 | 187924 | 93695 | 94229 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 0 | 5696000 | 5696000 | 5678708 | 17292 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 0 | 5823000 | 5823000 | 5587761 | 235239 |
| ധനകാര്യ കമ്മീഷൻ അവാർഡ് | | 0 | 10084968 | 10084968 | 7592535 | 2492433 |
| കെ എൽ എസ് ജി ഡി പി സ്റ്റേറ്റ് | | 0 | 1338436 | 1338436 | 1270130 | 68306 |
| കെ എൽ എസ് ജി ഡി പി സെൻട്രൽ | | 0 | 3311394 | 3311394 | 3279231 | 32163 |
| വിജയാ ബാങ്ക്, മഞ്ചേരി സാക്ഷരത | | 26123 | 1030 | 27153 | 0 | 27153 |
| എം എൻ ആർ ഇ ജി എസ് | | 21772 | 20224641 | 20246413 | 20246110 | 303 |
| ട്രഷറി ടി എസ് ബി ജോയിന്റ് വെഞ്ചർ | ബ്ലോക്ക് | 254472 | 885000 | 1139472 | 885000 | 254472 |
| | ജില്ല | 0 | 500000 | 500000 | 0 | 500000 |
| ട്രഷറി ടി എസ് പി (ജനറൽ പർപസ് ഗ്രാന്റ്) | | 16742720 | 16178520 | 17853240 | 6418458 | 11434782 |
| ബി ഫണ്ട് | | 0 | 72793680 | 72793680 | 72793680 | 0 |
| തനത് ഫണ്ട് | | 10191243 | 13122153 | 23313396 | 10484689 | 12828707 |
| വെസ്റ്റേൺ ഘട്ട് (കനറാ) | | 167 | 142 | 309 | 309 | 0 |
| എസ്.എസ്.എ അക്കൗണ്ട് | | 1130615 | 42113 | 1172728 | 0 | 1192728 |
| ടോട്ടൽ സാനിറ്റേഷൻ | | 759994 | 4309955 | 5069949 | 2016790 | 3053159 |
| എസ്. ബി.ടി.പൈക്ക | | 965014 | 39073 | 1004087 | 0 | 1004087 |
| കറന്റ് അക്കൗണ്ട് – E – payment | | 5974 | 43779 | 49753 | | 49753 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 347 | 120209678 | 245 | 81755868 | 0 | 102 | 70.6% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 21772 | 879151 | 900923 | 900620 | 303 |
| ഗുണഭോക്തൃസമിതികൾക്ക് നേരിട്ട് നൽകുന്നത് | - | 19345490 | 19345490 | 19345490 | - |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 157680 | 338 |
| കർഷകത്തൊഴിലാളി പെൻഷൻ | 4989900 | 406 |
| വിധവാ പെൻഷൻ | 20983800 | 1750 |
| വാർദ്ധക്യകാല പെൻഷൻ | 37478400 | 2919 |
| വികലാംഗ പെൻഷൻ | 7693800 | 690 |

| | | |
|---|---|---|
| വിവാഹധനസഹായം | 480000 | 16 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള ധനസഹായം | 1002100 | 113 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.9.2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 26.9.2018 ലെ കളക്ഷൻ തുക 53831രൂപ അതേ ദിവസം തന്നെ കനറാ ബാങ്കിൽ അടവാക്കിയതിനാൽ ക്യാഷ് ബാലൻസ് ഇല്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ 2017-18 വർഷ ഓഡിറ്റിന്റെ ഭാഗമായി ആഭ്യന്തര നിയന്ത്രണ സംവിധാനം പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഫ്രണ്ട്ഓഫീസ് രജിസ്റ്റർ, തെരുവുവിളക്ക രജിസ്റ്റർ, സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്ററുകൾ, സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്ട്സുകൾ തുടങ്ങിയവയെല്ലാം കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഓഫീസ് ഓർഡർ രജിസ്റ്ററിൽ കൃത്യമായ ജോലി വിഭജനം നൽകിയിട്ടുണ്ട്. വിവരാവകാശനിയമപ്രകാരമുള്ളത് ഉൾപ്പടെയുള്ള അപേക്ഷകളെല്ലാം സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നുണ്ട്. ഹാജർ പുസ്തകം കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിച്ചു വരുന്നുണ്ട്.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സെക്യൂരിറ്റി രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങൾക്കും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പേഴ്സണൽ രജിസ്റ്ററുകളിൽ എല്ലാ കോളങ്ങളും പൂരിപ്പിക്കുകയും സംഗ്രഹം തയ്യാറാക്കുകയും മേലുദ്യോഗസ്ഥർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താനുള്ള കാര്യമായ ശ്രമങ്ങൾ നടത്തി കാണുന്നില്ല. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | നടത്തിയ തീയ്യതി | | |
| 1 | പെർഫോമൻസ് ഓഡിറ്റ് | 14.9.18<br>15.9.18 | 7,8/2018 | 15.9.18 |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 22.3.14മുതൽ<br>23.4.14വരെ | 2008-09മുതൽ<br>2012-13വരെ | 14.10.15 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. വാർഷികക്കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, റേഷ്യോ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
2. മറ്റ് വരവിനങ്ങൾക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. അഡ്വാൻസ് രജിസ്റ്റർ പ്രകാരം 1503627 രൂപ മുൻകൂർ ഇനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി- 18 ൽ 14499159 രൂപയാണ് നൽകിയിട്ടുള്ളത്. 4468 രൂപയുടെ വ്യത്യാസം ക്രമീകരിച്ചിട്ടില്ല.
4. ആസ്തി രജിസ്റ്ററിൽ ഡിപ്രീഷിയേഷൻ ചേർത്ത് കാലികമാക്കിയിട്ടില്ല.
5. ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി- 14 ഇതുമായി ഒത്ത് നോക്കാൻ സാധിച്ചിട്ടില്ല.
6. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി പൂർത്തിയാക്കിയിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി& ഒ ലൈസൻസ് തുക കുറവായി അടവാക്കി

2017-18 വർഷത്തിൽ താഴെ പറയുന്ന ലൈസൻസികൾ വരുമാനത്തിനാനുപാതികമായ ലൈസൻസ് ഫീ പഞ്ചായത്തിൽ അടവാക്കിയിട്ടില്ല . വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം രജിസ്റ്റർ പ്രകാരം | ലൈസൻസിയുടെ പേര് | സ്ഥാപനം | പ്രതിദിന വിറ്റുവരവ് | വാങ്ങേണ്ട ഫീ | വാങ്ങിയ ലൈസൻസ് ഫീ | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 175 | ശ്രീ ബിജു കെ | വെസ്റ്റേൺ ഫെർട്ടിലൈസേഴ്സ് | 25000 | 500 | 200/ (രശീതി 117010100010/ 6.6.17) | 300 |
| 335 | ശ്രീ.സജിത് കുമാർ | കാവേരി ട്രൈഡേഴ്സ് | 1ലക്ഷം | 2000 | 1000/(രശീതി 117010106396/ 30.12.17) | 1000 |

ആകെ 1300/-

ഈടാക്കാൻ അവശേഷിയ്ക്കുന്ന ലൈസൻസ് ഫീ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം അറിയിയ്ക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ അർദ്ധ വാർഷിക റിട്ടേണുകൾ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.അർദ്ധ വാർഷിക റിട്ടേണുകൾ പ്രകാരം, താഴെ പറയുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ പ്രകാരം അടവാക്കേണ്ടിയിരുന്ന തൊഴിൽ നികുതി ചുവടെ ചേർക്കുന്നു.

| സ്ഥാപനം | അർദ്ധവർഷം | അർദ്ധവാർഷിക റിട്ടേണുകൾ പ്രകാരം തൊഴിൽ നികുതി |
|---|---|---|
| ജി. എൽ പി. എസ്, ചെറുവണ്ണൂർ | I-ാം അർദ്ധ വർഷം | 9500 |
| ജി. എൽ പി. എസ്, പുല്ലത്ത് | II-ാം അർദ്ധ വർഷം | 6250 |
| എൽ പി. എസ് . ആമയൂർ | II-ാം അർദ്ധ വർഷം | 12500 |

| | | |
|---|---|---|
| ഗവ. ആയു . ഡിസ്പെൻസറി | II-ാം അർദ്ധ വർഷം | 3750 |

എന്നാൽ മേൽ സ്ഥാപനങ്ങൾ തൊഴിൽ നികുതി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ലഭ്യമല്ല. മേൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടങ്കിൽ ആയതിന്റെ വിശദാംശങ്ങൾ രശീതി സഹിതം ലഭ്യമാക്കേണ്ടതാണ്.

2. താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| കനറാ ബാങ്ക് തൃക്കലങ്ങോട് | I, II അർദ്ധവർഷങ്ങൾ |
| ഗ്രാമീൺബാങ്ക് എളങ്കൂർ | II-ാംഅർദ്ധവർഷം |
| എളങ്കൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | II-ാംഅർദ്ധവർഷം |
| എളങ്കൂർ വനിതാ സഹകരണസംഘം | II-ാംഅർദ്ധവർഷം |

3. അർദ്ധവാർഷിക റിട്ടേണുകൾ സമർപ്പിക്കാത്തതു സംബന്ധിച്ച്.

കാർമൽ ക്രഷേഴ്സ്& ഫെർട്ടിലൈസേഴ്സ് തൃക്കലങ്ങോട്, വനിതാ സഹകരണസംഘം തൃക്കലങ്ങോട്, പഴേടം എ.എൽ.പി. സ്കൂൾ എന്നീ സ്ഥാപനങ്ങൾ 2017-18 വർഷത്തെ തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ചിട്ടില്ല. ഈ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. അർദ്ധവാർഷിക വരുമാനത്തിനനുസൃതമായ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കി വിവരമറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിററ് അന്വേഷണത്തിന് ( 19 /8.10.18)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-3 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ശരിയായി സൂക്ഷിയ്ക്കുന്നില്ല

2017-18 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതിയുടെ ഡിമാന്റ് രജിസ്റ്റർ വളരെ അലക്ഷ്യമായാണ് സൂക്ഷിച്ചിട്ടുള്ളത്. സ്ഥാപന രജിസ്റ്റർ പ്രകാരം 65 സ്ഥാപനങ്ങളാണുള്ളത്. ആയവയുടെ അർദ്ധവാർഷിക റിട്ടേണുകൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും, റിട്ടേൺ പ്രകാരമുള്ള

വിവരങ്ങൾ മുഴുവനായും ഡിമാന്റ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്തിട്ടില്ല. ഓരോ സ്ഥാപനവും അടവാക്കിയ തൊഴിൽ നികുതി, രശീതി നം, തീയതി എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

രജിസ്റ്ററിൽ__വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തി അപാകതകൾ പരിഹരിച്ച് വിവരമറിയിയ്ക്കേണ്ടതു സംബന്ധിച്ച് 18/7.10.18-ാമതായി ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-4 ഇ-ടെൻഡർ മുഖേന സ്വീകരിച്ച ഇ.എം.ഡി, ടെൻഡർ ഫീ എന്നിവ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയില്ല.

2017-18ൽ വിവിധ പദ്ധതികൾക്കായി ഇ-ടെൻഡർ മുഖേന ഇ.എം.ഡി, ടെൻഡർ ഫീ എന്നീയിനത്തിൽ ശേഖരിച്ച (40880+ 524400) ആകെ 565280/-രൂപ ഓൺലൈനായി എക്സി.എഞ്ചിനീയർ മലപ്പുറത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതിൽ ടെണ്ടർ ഫീ ഇനത്തിലെ 38880/-രൂപ നാളിതുവരെ പഞ്ചായത്തിൻെറ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. സ.ഉ.(എം.എസ്)318/13/ത.സ്വ.ഭ.വ. 28.9.2013 പ്രകാരവും 10.10.2013,19.12.2016,21.12.2016 എന്നീ തീയതികളിലെ ഡി.ബി.-1-7942/2013/സി.ഇ/LSGD സർക്കുലർ നിർദ്ദേശ പ്രകാരവും തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് മേൽ തുക കൈമാറേണ്ടതാണ്. 29.9.18ന് എക്സി.എഞ്ചിനീയർ മലപ്പുറത്തിന് ഇക്കാര്യം അറിയിച്ച് കത്ത് നൽകിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 7/6-10-18) 9.10.2018ന് ഹാജരാക്കിയ മറുപടിയിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് കരാറുകാരൻ 5% പഞ്ചായത്തിൽ എഗ്രിമെന്റിനൊപ്പം സമർപ്പിക്കുമ്പോൾ ഇ -ടെൻഡർ സംവിധാനം വഴി ഓൺ ലൈനിൽ അവാർഡ് ഓഫ് കോൺട്രാക്ട് നൽകുക വഴി ഇ.എം.ഡി കരാറുകാരന്റെ അക്കൗണ്ടിലേക്കുതന്നെ സ്വമേധയാ തിരികെ പോകുകയും ടെൻഡർ ഫീ മാത്രം എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുകയും ചെയ്യുന്നു എന്നറിയിച്ചു. ടെൻഡർ ഫീ തിരികെ ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്നറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടുംബശ്രീ വിപണന കേന്ദ്രം ഉപയുക്തമാക്കേണ്ടത് സംബന്ധിച്ച്

04.10.2018ന് തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത് 2017-18ൽ നടപ്പിലാക്കിയ ചില നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ നേരിൽ കണ്ട് പരിശോധിക്കുന്നതിനായി അസി.എഞ്ചിനീയർ, ഓവർസിയർ എന്നിവരോടൊപ്പം സ്ഥല പരിശോധന നടത്തിയതിൽ കുടുംബശ്രീ പ്രവർത്തകർക്ക് ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി സ്ഥാപിച്ച വിപണനകേന്ദ്രം, തച്ചുണ്ണി പുലത്ത് മൈലൂത്ത് റോഡ്, അമ്പലകുന്ന് കുടിവെള്ള പദ്ധതിടാങ്ക് റിപ്പയർ, നെറ്റ് സ്ഥാപിക്കൽ, കപ്രാട് അംഗനവാടി നിർമ്മാണം, പാലാറ്റിൻകുന്ന് അംഗനവാടി നിർമ്മാണം എന്നിവ നേരിൽ കണ്ടു പരിശോധിച്ചു. പരിശോധനയിൽ കുടുംബശ്രീ

പ്രവർത്തകർക്കായി നിർമ്മിച്ച വിപണന കേന്ദ്രം, ആകെ വകയിരുത്തിയ 11,75,000/-രൂപയിൽ 10,95,397/-രൂപ (വികസന ഫണ്ട് ബിൽ നമ്പർ78/17-18, 15.3.18) ചെലവഴിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള രണ്ടു ഷട്ടർ സ്ഥാപിച്ച മുറിയും കോണി മുറിയും അടങ്ങിയ ആർ.സി.സി. ബിൽഡിംഗ് നിർമ്മാണം, സെറാമിക് ടൈൽസ് മുറികളിലും ചുവരിലും പതിക്കുക എന്നീ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ച് പൂട്ടിയിട്ട് കാണപ്പെട്ടു. നിലവിൽ ഒരു മുറിയിൽ തെരുവു വിളക്കുകൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. വിപണനകേന്ദ്രം ഉദ്ദിഷ്ട കാര്യത്തിനായി തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടി ഊർജ്ജിതപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം സ്ഥാപനം ഒരു നിഷ്ക്രിയ ആസ്തിയായി മാറാനിടയുണ്ട്. ഈ വിഷയത്തിൽ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ10/6.10.18ന് ഹാജരാക്കിയ മറുപടിയിൽ മേലിൽ ഇത്തരം അപാകത ഒഴിവാക്കുന്നതാണെന്നും വിപണന കേന്ദ്രം ഉദ്ദിഷ്ട കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതാണെന്നും അറിയിച്ചു. തുടർ നടപടി വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. ഭാവിയിൽ സാദ്ധ്യതകൾ വ്യക്തമായി പരിശോധിച്ച് പഠനം നടത്തി മാത്രം ഇത്തരം പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

## 3-2 സ്വാപ് ഷോപ്പ് - പ്രവർത്തനം മന്ദീഭവിച്ചു

2017-18 -ൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ ഒരു പുതുമയാർന്ന പ്രോജക്ടാണ് സ്വാപ് ഷോപ്പ് തുടങ്ങൽ. (പ്രോജക്ട് നമ്പർ -205/18). തൃക്കലങ്ങോട് 32 – അങ്ങാടിയിൽ വാടകക്കെട്ടിടത്തിലാണ് ഈ ഷോപ്പ് പ്രവർത്തിക്കുന്നത്. വികസന ഫണ്ടിൽ നിന്നും 54,000 രൂപയും തനത് ഫണ്ടിൽ നിന്നും 40,000 രൂപയും വകയിരുത്തി തയ്യാറാക്കിയ ഈ പ്രോജക്ട് വി.ഇ.ഒ യാണ് നിർവ്വഹണം നടത്തിയത്. കടമുറിയിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും വാടക കൊടുക്കുന്നതിനുമായി തൻവർഷം 59,558 രൂപ (51230 –വികസനം, 8328 – തനത്) ചെലവഴിച്ചിട്ടുണ്ട്.

27-01-18 നാണ് സ്വാപ് ഷോപ്പ് ഉൽഘാടനം ചെയ്തത്. വീട്ടുകളിൽ ഒന്നോ രണ്ടോ തവണ ഉപയോഗിച്ചതോ അല്ലെങ്കിൽ തീരെ ഉപയോഗിക്കാത്തതോ ആയ, പുതുമ മാറാത്തതും മറ്റുള്ളവർക്ക് പുനരുപയോഗ സാധ്യതയുള്ളതുമായ വീട്ടുപകരണങ്ങൾ, വസ്ത്രങ്ങൾ, ഇലക്ട്രിക്, ഇലക്ട്രോണിക് സാധനങ്ങൾ എന്നിങ്ങനെയുള്ളവ ഈ കേന്ദ്രത്തിൽ എത്തിച്ച് ഇവിടെ നിന്ന് ആവശ്യക്കാർക്ക് കൈമാറുക എന്നതാണ് ഈ സംരംഭം ലക്ഷ്യം വെക്കുന്നത്. ഓരോ വാർഡിലുമുള്ള ഹരിതകർമ്മ സേനാംഗങ്ങൾ മുഖേന ഇത്തരം സാധനങ്ങൾ സംഭരിച്ച് കേന്ദ്രത്തിലെത്തിക്കുകയും എല്ലാ ബുധനാഴ്ചകളിലും ആവശ്യക്കാർ കടയിൽ വന്ന് ആവശ്യമുള്ള വസ്തുക്കൾ കൈപ്പറ്റുകയുമാണ് ഇതിന്റെ പ്രവർത്തനം. ഇവക്ക് നാമമാത്രമായ ഒരു തുക ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുകയും ആയത് കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി കുടുംബശ്രീ സി.ഡി.എസിന്റെ അക്കൗണ്ടിലേക്ക് വരവ് വെക്കുന്നുമുണ്ട്. ഗ്രാമ പഞ്ചായത്ത് നിയമിച്ച ജാഗ്രത സമിതി കോ- ഓർഡിനേറ്ററുടെ സേവനം ഇതിന്റെ നടത്തിപ്പിനായി ലഭിക്കുന്നതിനാൽ പ്രത്യകം വേതനം നൽകേണ്ടി വരുന്നില്ല.

ഓഡിറ്റിന്റെ ഭാഗമായി 04-10-18 -ന് ഷോപ്പ് സന്ദർശിക്കുകയുണ്ടായി. സാധനങ്ങൾ കൊടുക്കുമ്പോൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും കിട്ടുമ്പോൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല എന്നാണ് മനസ്സിലാകുന്നത്. ഈ കടയിൽ സൂക്ഷിച്ചിരിക്കുന്ന കൈമാറ്റ രജിസ്റ്റർ പരിശോധിച്ചതിൽ പൊതുജന പങ്കാളിത്തം കുറഞ്ഞു വരുന്നതായാണ് കാണുന്നത്. ഫെബ്രുവരി 2018 -ൽ 2465 രൂപ വരവ് ലഭിച്ചെങ്കിലും മാർച്ച് 2018 – ൽ അത് 1105 രൂപയായി ചുരുങ്ങുകയുണ്ടായി. തുടർന്നുള്ള മാസങ്ങളിലും ഇടപാടുകൾ കുറഞ്ഞ് വരുന്നതായി ശ്രദ്ധയിൽ പെട്ടു. ഓഡിറ്റ് ആരംഭിച്ച

മാസത്തെ (സെപ്റ്റംബർ 2018) വരവ് കേവലം 150 രൂപ മാത്രമാണ്. മാത്രമല്ല, സ്വാപ് ഷോപ്പിൽ ഇപ്പോൾ കുടുംബശ്രീയുടെ നാനോ മാർക്കറ്റ് കൂടി പ്രവർത്തിച്ച് വരുന്നതായി കണ്ടു. ഷോപ്പിന്റെ മുൻഭാഗത്ത് കുടുംബശ്രീ ഉൽപന്നങ്ങൾ വിൽക്കുന്നതിനും ഉൾഭാഗത്ത് റാക്കുകളിലായി പഴയ കുറെ വസ്തുങ്ങൾ കൂട്ടിയിടുന്നതിനുമായി ഷോപ്പ് മാറിയിട്ടുണ്ട്. ഉൽഘാടനം കഴിഞ്ഞ് ഒരു വർഷം പൂർത്തിയാകുന്നതിന് മുമ്പേ സ്വാപ് ഷോപ്പിന്റെ പ്രവർത്തനം അപ്രസക്തമാക്കുന്ന രീതിയിൽ കുടുംബശ്രീയുടെ നാനോ മാർക്കറ്റ് ആരംഭിക്കാനനുവദിച്ചത് അംഗീകരിക്കാവുന്നതല്ല.

10-10-18 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുകയുണ്ടായി. ഗ്രാമ പഞ്ചായത്തിൽ ആരംഭിക്കുന്ന പ്രോജക്റ്റിന്റെ (പ്രൊജക്ട് നമ്പർ 363/19 'വയബിലിറ്റി ഗ്യാപ് ഫണ്ട്') ഭാഗമായി ശുചിത്വ – മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മ സേനാംഗങ്ങൾ വീട് വീടാന്തരം കയറിയിറങ്ങുമ്പോൾ പൊതുജനങ്ങളിൽ നിന്നും സ്വാപ് ഷോപ്പിലേക്ക് ഉപകാരപ്പെടുന്ന സാധനങ്ങൾ ശേഖരിക്കാനും സ്വാപ് ഷോപ്പിനെക്കുറിച്ച് വ്യാപക പ്രചരണം നൽകാനും നിർദ്ദേശിക്കുകയുണ്ടായി. അത് പോലെ നാനോ മാർക്കറ്റ് അവിടെ നിന്നും പുലത്ത് എന്ന സ്ഥലത്ത് ഗ്രാമ പഞ്ചായത്ത് പുതുതായി നിർമ്മിച്ചിരിക്കുന്ന കുടുംബശ്രീ വിപണന കേന്ദ്രത്തിലേക്ക് മാറ്റാനും നിർദ്ദേശിക്കുയുണ്ടായി.

പൊതു ജന പങ്കാളിത്തം ഉറപ്പ് വരുത്തി സ്വാപ് ഷോപ്പ് നല്ല നിലയിൽ മുന്നോട്ട് കൊണ്ടു പോകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 ദീർഘ വീക്ഷണമില്ലാതെയും ശരിയായ പഠനം നടത്താതെയും പദ്ധതികൾ തയ്യാറാക്കി നിർവ്വഹണ ഘട്ടത്തിൽ മാറ്റം വരുത്തുന്നത് പദ്ധതി വിജയത്തിന് വിഘാതം

09.5.2017 ലെ വികസന സ്ററാന്റിംഗ് കമ്മിറ്റി മീറ്റിംഗിൽ 115 പ്രവൃത്തികൾ നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ പഞ്ചായത്തു കമ്മിറ്റിയോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചു. പദ്ധതികളെല്ലാം തന്നെ അംഗീകരിച്ചു ലഭിക്കുകയും ചെയ്തു. എന്നാൽ പല പദ്ധതികളും മാർഗ്ഗരേഖ പാലിച്ചുകൊണ്ടും, സാങ്കേതിക അനുമതി ലഭ്യമാക്കിക്കൊണ്ടും കുടിവെള്ള പദ്ധതിയാണെങ്കിൽ വിഭവ സ്രോതസ്സ് കണ്ടെത്തിക്കൊണ്ടും തയ്യാറാക്കിയിരുന്നവ അല്ലാത്തതിനാൽ പലതും ഉപേക്ഷിക്കാനും ഭേദഗതി ചെയ്യുവാനുമിടയായി. നിർവ്വഹണഘട്ടം അടുത്ത സമയത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 19.10.2017 ലെ മീറ്റിംഗിൽ 17 പദ്ധതികൾ ഒഴിവാക്കാനും 24 പദ്ധതികൾ ഭേദഗതി ചെയ്യാനും 24 പദ്ധതികൾ പുതുതായി ഉൾപ്പെടുത്താനും തീരുമാനിച്ചു. 2.11.17 ലെ തീരുമാന പ്രകാരം 20 പദ്ധതികൾ ഭേദഗതി ചെയ്യുന്നതിനും 2 പ്രോജക്ട് ഒഴിവാക്കുന്നതിനും 4 പ്രോജക്ട് പുതുതായി ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു. ഭേദഗതിക്ക് കാരണമായി കാണിച്ചത് സി.എഫ്.സി.ഫണ്ട് വകയിരുത്താൻ കഴിയാത്തതിനാൽ എന്നും, ഗുണഭോക്താക്കൾ കുറവായതിനാൽ എന്നും, ഗുണഭോക്താക്കൾ കൂടുതൽ എന്നും ഒക്കെ കാണിച്ചാണ്. പദ്ധതി തിരഞ്ഞെടുക്കുമ്പോൾ വകയിരുത്താവുന്ന ഫണ്ടിനെപ്പറ്റിയും പദ്ധതി വിജയത്തെപ്പറ്റിയും തികഞ്ഞ പ്രായോഗിക ജ്ഞാനവും ദീർഘവീക്ഷണവും അത്യന്താപേക്ഷിതമാണ്. അല്ലാത്തപക്ഷം വളരെയധികം സമയവും മനുഷ്യപ്രയത്നവും ചെലവഴിച്ച് തയ്യാറാക്കുന്ന പദ്ധതികൾ പരാജയമായി മാറും. ചില പദ്ധതികൾ ഒഴിവാക്കിയതിന് ചേർത്ത വിശദീകരണം ഇപ്രകാരമാണ്. ചീരക്കുഴി എസ്.സി.കോളനി കുടിവെള്ള പദ്ധതി ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാലും (പ്രോജക്ട് നമ്പർ

268/18) 23 വാർഡുകളിലും തെരുവുവിളക്ക് സ്ഥാപിക്കാനുള്ള പദ്ധതി പ്രോജക്ട് നമ്പർ 359/18, നിലവിൽ ഇതേ ആവശ്യത്തിന് പ്രോജക്ട് ഉള്ളതിനാലും ഒഴിവാക്കി. 4.12.17 ലെ I(A) തീരുമാനപ്രകാരം 12 പ്രോജക്ടുകൾ ഭേദഗതി ചെയ്യാനും ഒരു പ്രോജക്ട് മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായതിനാൽ ഒഴിവാക്കാനും 12 പ്രോജക്ടുകൾ പുതുതായി ഉൾപ്പെടുത്താനും തീരുമാനിച്ചു. 19.1.18 ലെ 1(1) തീരുമാനപ്രകാരം 27 പ്രോജക്ട് ഭേദഗതി ചെയ്യാനും 3 പ്രോജക്ട് ഉപേക്ഷിക്കാനും 11 പ്രോജക്ട് പുതുതായി ഉൾപ്പെടുത്താനും തീരുമാനിച്ചു.

അങ്ങനെ നിർവ്വഹണഘട്ടംവരെയും പ്രോജക്ടുകൾ ഉപേക്ഷിച്ചും ഭേദഗതി ചെയ്തും പുതുതായി ഉൾപ്പെടുത്തിയും മാറ്റം വരുത്തുന്നത് പദ്ധതി വിജയത്തിന് വിഘാതമായി മാറുന്നു. കൂടാതെ നിർമ്മാണത്തിനായുള്ള പദ്ധതി തെരഞ്ഞെടുക്കുമ്പോൾ പഞ്ചായത്തിന്റെ സ്ഥലത്ത് തന്നെ നിർമ്മാണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. കപ്രാട് അംഗനവാടിക്ക് മതിൽ നിർമ്മിച്ചത് പഞ്ചായത്തിന് ലഭിക്കാത്ത സ്ഥലം കൂടി ഉൾപ്പെടുത്തിയാണ്. സമഗ്ര പഠനത്തിലൂടെയും ദീർഘവീക്ഷണത്തോടെയും പഞ്ചായത്തിന്റെ ആവശ്യകത പൂർണ്ണമായി മനസ്സിലാക്കിയും പഞ്ചായത്തിനെ ഒറ്റ യൂണിറ്റായിക്കണ്ടും പദ്ധതികൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 9/6.10.18ന് ഹാജരാക്കിയ മറുപടിയിൽ വരുംകാലങ്ങളിൽ ഇത്തരം അപാകതകൾ ഒഴിവാക്കി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാണെന്നറിയിച്ചു.

## 3-4 അസിസ്റ്ററന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ ചില അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഒരു അസി.എഞ്ചിനീയറും രണ്ട് ഓവർസിയറും മാത്രമുള്ള തൃക്കലങ്ങോട് പഞ്ചായത്തിൽ 227 പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയെങ്കിലും 138 എണ്ണം മാത്രമാണ് പൂർത്തീകരിച്ചത്. പദ്ധതികൾ ചെറിയ ചെറിയ പദ്ധതികളായി വാർഡടിസ്ഥാനത്തിൽ വീതിക്കുകയാണ് ചെയ്യുന്നത്. ആവശ്യകത നോക്കാതെയുള്ള ഇത്തരം നടപടി പഞ്ചായത്തിന് ഗുണം ചെയ്യുന്നില്ല. മറിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പ്രവൃത്തി ദുഷ്കരമാക്കുന്നു. ഹാജരാക്കിയ ഫയലുകളിൽ അതിനോടൊപ്പമുള്ള എല്ലാ രേഖകളും സൂക്ഷിച്ചിട്ടില്ല. 'ടാർ വാങ്ങിയതിന്റെ ബില്ലുകൾ, എസ്.സി.പി.ഫണ്ടുപയോഗിച്ച് നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഫയലിനൊപ്പം സൂക്ഷിക്കാതെ പ്രത്യേകം ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. കൂടാതെ സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതികളുടെ പ്രോജക്ട് പ്രവൃത്തി ഫയലിൽ ലഭ്യമല്ല. ധാരാളം പദ്ധതികൾ നടപ്പിലാക്കിയതിനാൽ അവശ്യം വേണ്ട ഫയൽ സൂക്ഷിപ്പും കാര്യക്ഷമമായില്ല.

2.പൂർത്തീകരിച്ച 138 പ്രവൃത്തികളുടെ ഫയലിലും മോണിററിംഗ് സമിതിയുടെ റിപ്പോർട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിററിംഗ് സമിതിയായി മാറി മോണിററിംഗ് റിപ്പോർട്ട് നൽകണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

3എം.ബുക്കുകളിൽ മെമ്മോ ഓഫ് പേമെന്റ് എഴുതി അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നില്ല.

4നിർവ്വഹണം നടത്തിയ 75 റോഡ് പ്രവൃത്തികളിലും റോഡ് കണക്ററിവിററി പ്ളാൻ,

കണക്ടിവിററി മാപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല. റോഡുകളുടെ പ്രത്യേകതകളനുസരിച്ച് പട്ടികപ്പെടുത്തി രജിസ്ററർ സൂക്ഷിക്കുന്നില്ല.

5.തൻ വർഷം പൂർത്തീകരിച്ച പ്രവൃത്തികൾ മൂല്യം ചേർത്ത് ആസ്തിയാക്കി മാററി ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

6. KCWWF സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ട് നമ്പർ 7990114000000072 എന്നതിലേയ്ക്ക് ഓൺ ലൈനായി ഒടുക്കുന്നെങ്കിലും കൈപ്പററ് ലഭ്യമാക്കുന്നില്ല. ഒരു ശതമാനം തുക സർവ്വീസ് ചാർജ്ജായി പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് ഒടുക്കുന്നില്ല.

7.ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ സ്വീകരിച്ച തീയതി നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രസിഡന്റ് എന്നിവർ ഒപ്പു വെക്കുന്നില്ല. ടെണ്ടർ അംഗീകരിച്ച തീരുമാനം, തീയതി, ടെണ്ടററുടെ പേര് എന്നിവയും ചേർക്കുന്നില്ല.

8.ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തിയ പദ്ധതികളിൽ ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പാലിക്കുന്നില്ല. ബാങ്ക് അക്കൗണ്ട് വഴി വരവു ചെലവ് നടത്തുകയോ മിനട്സ് ബുക്ക്, വരവു ചെലവു കണക്ക് എന്നിവ സൂക്ഷിക്കുകയോ, മീറ്റിംഗുകൾ നടത്തുകയോ, അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങുകയോ ചെയ്യുന്നില്ല.

9.ജി.ഒ.(എം.എസ് )നമ്പർ72/2017ത.സ്വ.ഭ.വ29.3.17,14.8 പ്രകാരം പ്രോജക്ട് നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരു പൂർത്തീകരണപത്രം തയ്യാറാക്കണം. പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും പൂർത്തീകരണ റിപ്പോർട്ടിൽ വ്യക്തമായി രേഖപ്പെടുത്തണം. അത്തരം റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

10.സർക്കുലർ നമ്പർ 13.11.2017ലെ ഡി.ബി.3/753/2013/CE/ത.സ്വ.ഭ.വപ്രകാരമുള്ള ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരം സി.എഫ്.സി.ഗ്രാന്റ് വകയിരുത്തി ടാറിംഗ്, കോൺക്രീറ്റിംഗ് പ്രവൃത്തികൾ ചെയ്യുമ്പോൾ നിലവിലെ റോഡിന്റെ സംരക്ഷണത്തിന്റെയും പരിപാലനത്തിന്റെയും ഭാഗമായി ഇവ ആവശ്യമാണെന്ന് ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സി.എഫ്.സി.ഗ്രാന്റ് വകയിരുത്തി നടപ്പിലാക്കിയ റോഡ് ടാറിംഗ്, കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ ഫയലിൽ ഒന്നും തന്നെ അത്തരം നിർദ്ദേശം പാലിച്ചിട്ടില്ല.

11.ടെണ്ടറുകളുടെ പ്രാഥമിക കരാർപത്രം, കരാർ എന്നിവ എഴുതി പൂർത്തീകരിച്ച് ഫയൽ സൂക്ഷിക്കുന്നില്ല.

12. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2017-18ൽ 159 പ്രവൃത്തികൾക്ക് എഗ്രിമെൻറ് വെച്ചിട്ടുണ്ട്. എഗ്രിമെൻറ് രജിസ്റ്ററിൽ, പൂർത്തീകരണ തീയതി, എഗ്രിമെൻറ് പ്രകാരം പൂർത്തീകരിക്കേണ്ട തീയതി, പി.എ.സി, എസ്റ്റിമേറ്റ് തുക എന്നിവ ചേർത്ത് അസി.എഞ്ചിനീയർ പ്രസിഡന്റ് എന്നിവർ സാക്ഷ്യപ്പെടുത്തി, പഞ്ചായത്ത് തീരുമാന തീയതി, നമ്പർ എന്നിവ ചേർത്ത് പൂർത്തിയാക്കി ഒപ്പിട്ട് സൂക്ഷിക്കുന്നില്ല.

13.കുടിവെള്ള പദ്ധതികൾ കരാർ വെച്ച് തുടർ നടത്തിപ്പ്, വാർഷിക അറ്റകുറ്റപ്പണി എന്നിവ കൈമാറും വിധം പദ്ധതി ആസൂത്രണം ചെയ്തിട്ടില്ല. 2017-18ൽ 12 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കരാർ വെച്ച് അവ ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതാണ്.

14.പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ട് പദ്ധതി ആസൂത്രണം ചെയ്യുന്നില്ല.

വികസന സ്റ്റാന്റിംഗ് കമ്മിററിയാണ് ആസൂത്രണ സമിതി രൂപീകരണം മുതൽ പ്രോജക്റ്റ് സമർപ്പണ അന്തിമ ഘട്ടം വരെയുള്ള എല്ലാ കാര്യങ്ങളിലും ഇടപെട്ട് പദ്ധതി പ്രവർത്തനത്തിന്റെ ചുക്കാൻ പിടിച്ച് അന്തിമ വിശകലനം വരെയുള്ള മുഴുവൻ കാര്യങ്ങളും നിർവ്വഹിക്കേണ്ടത് എങ്കിലും അത്തരം ഒരു ഇടപെടൽ ഉണ്ടായില്ല എന്നത് പദ്ധതി വിജയം അസാദ്ധ്യമാക്കി എന്നു കാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/6.10.2018 ന് ഹാജരാക്കിയ മറുപടിയിൽ ഭാവിയിൽ മേൽ കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണെന്നറിയിച്ചു.

## 3-5 പ്രവർത്തനമാരംഭിയ്ക്കാത്ത പകൽ വീടുകളിലേയ്ക്ക് ഫർണീച്ചറുകൾ വാങ്ങിയത് ഉപയോഗപ്രദമാക്കിയില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ 'പകൽവീടുകളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തൽ' എന്ന പദ്ധതി പ്രകാരം (പ്രൊജക്ട് നം 145/18) വികസന ഫണ്ടിൽ നിന്നും 59530 രൂപ പിൻവലിച്ച് (ബിൽനം 50/18തീയതി.7.3.18 ) സിഡ്കോയിൽ നിന്നും 2 കട്ടിൽ, ഒരു കാബിൻ, 3 റാക്കുകൾ, ഒരു മേശ, 25 കസേരകൾ എന്നീ ഫർണീച്ചറുകൾ വാങ്ങിയിട്ടുണ്ട്. വാങ്ങിയ ഫർണീച്ചറുകൾ ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ സ്റ്റോക്കിലെടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച നൽകിയ 5/5.10.18 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കു മറുപടിയായി പകൽ വീടിന്റെ കസ്റ്റോഡിയനായി കോ ഓർഡിനേറ്ററെ നിയമിയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിയ്ക്കുകയാണെന്നും പകൽവീട് പ്രവർത്തനമാരംഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും വാങ്ങിയ ഫർണീച്ചറുകൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിനകത്ത് സുരക്ഷിതമായി വച്ചിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

പ്രവർത്തനമാരംഭിയ്ക്കുന്നതിനു മുമ്പുതന്നെ ഫർണീച്ചറുകൾ വാങ്ങിയത് ക്രമപ്രകാരമല്ല. ഫർണീച്ചറുകൾ വാങ്ങിയത് ഉപയോഗപ്രദമാക്കാത്തതിനാൽ ചെലവഴിച്ച 59530 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. പകൽവീടിന്റെ പ്രവർത്തനം ആരംഭിയ്ക്കുന്നതിന് സത്വര നടപടികൾ സ്വീകരിയ്ക്കേണ്ടതും വാങ്ങിയ ഫർണീച്ചറുകൾ പകൽവീടിന്റെ പ്രവർത്തനങ്ങൾക്കു വേണ്ടി തന്നെ ഉപയോഗപ്പെടുത്തേണ്ടതുമാണ്.

## 3-6 തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ ചരിത്രം തയ്യാറാക്കൽ -സമയ ബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്

തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ ചരിത്രം തയ്യാറാക്കുന്നതിനായി 2016 -17 വർഷത്തിൽ തനത് ഫണ്ടിൽ നിന്നും 50,000 രൂപ വകയിരുത്തി പ്രോജക്റ്റ് തയ്യാറാക്കിയിരുന്നു. ബഹുജന പങ്കാളിത്തത്തോടെ നാടിന്റെ പ്രാദേശിക ചരിത്രം സംബന്ധിച്ച വിവരശേഖരണം നടത്തുകയും പിന്നീട് വിദഗ്ധ സമിതിയുടെ മേൽനോട്ടത്തിൽ ചരിത്ര രചന പൂർത്തിയാക്കുകയും ചെയ്യാനാണ് പ്രോജക്റ്റ് ലക്ഷ്യം വെച്ചിരുന്നത്. വിവരശേഖരണം നടത്തുന്നതിനായി റവന്യൂ രേഖകൾ, പുരാവസ്തു വകുപ്പിന്റെ രേഖകൾ, പഴമക്കാരുമായുള്ള അഭിമുഖം, എഴുതപ്പെട്ട ചരിത്ര പുസ്തകങ്ങൾ, രേഖകൾ

എന്നിവ ഉപയോഗിക്കാവുന്നതാണെന്ന് പ്രോജക്ടിന്റെ അനുബന്ധമായി പരാമർശിച്ചിട്ടുണ്ട്. ബഹു വർഷമായി നടപ്പാക്കാനുദ്ദേശിച്ചിരുന്ന ഈ പ്രോജക്ടിന്റെ പ്രവർത്തന കലണ്ടർ താഴെ കൊടുക്കുന്നു.

വിവര ശേഖരണത്തിന് അനുയോജ്യരായ വ്യക്തികളെ കണ്ടെത്തി പരിശീലനം നൽകുന്നതിനുള്ള ആദ്യ സെമിനാർ 2017 ഫെബ്രുവരി മാസത്തിൽ സംഘടിപ്പിക്കുകയും അതിൽ വിവിധ വിഷയങ്ങളെ സംബന്ധിച്ച് വിദഗ്ധരെകൊണ്ട് ക്ലാസ്സുകൾ എടുപ്പിക്കുകയും ചെയ്യണം. പിന്നീട് ഓരോ വിഷയങ്ങളെ സംബന്ധിച്ചും വിവരം ശേഖരിക്കുന്നവരുടെ ഗ്രൂപ്പുകൾ ഉണ്ടാക്കണം. ഗ്രൂപ്പ് അടിസ്ഥാനത്തിൽ ശില്പശാലകൾ നടത്തി വിവരശേഖരണത്തിനാവശ്യമായ സ്രോതസ്സുകൾ കണ്ടെത്തുകയും ശാസ്ത്രീയമായ വിവരശേഖരണത്തിന് ആവശ്യമായ അനുബന്ധ സാമഗ്രികൾ, ചോദ്യാവലികൾ എന്നിവ തയ്യാറാക്കുകയും ചെയ്യണം. ഈ ശില്പശാലകൾ 2017 മാർച്ച് മാസത്തിൽ നടത്തി ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി വിവരശേഖരണം പൂർത്തിയാക്കണം. തുടർന്ന് രചന നിർവ്വഹിക്കുവാൻ വിദഗ്ധ സമിതിയെ നിയോഗിക്കണം. സെമിനാറിൽ നിന്ന് യോഗ്യരായ അംഗങ്ങളെ കണ്ടെത്തണം. 2017 ജൂലൈ മാസത്തിൽ ഈ സമിതി രചനയുടെ ഒന്നാം ഘട്ടം ആരംഭിക്കണം. 2017 നവംബർ 1 – ന് ചരിത്ര രേഖ പുറത്തിറങ്ങുന്ന വിധത്തിൽ ബാക്കി ജോലികൾ ക്രമീകരിക്കണം.

പക്ഷേ, 2016-17 ൽ ഈ പ്രോജക്ട് നടപ്പിലാക്കാൻ സാധിച്ചില്ല. തുടർന്ന് 2017-18 -ൽ തനത് ഫണ്ടിൽ നിന്നും 1,00,000 രൂപ വകയിരുത്തി 'തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത് - ചരിത്രം തയ്യാറാക്കൽ' - (നമ്പർ - 243/18) എന്ന പേരിൽ വീണ്ടും പ്രോജക്ട് വെക്കുകയുണ്ടായി എങ്കിലും പ്രോജക്ടിനായി ഒരു പ്രവർത്തന കലണ്ടർ ഉണ്ടാക്കിയിട്ടില്ല. 09-09-17 ന് തൃക്കലങ്ങോട് എം.യു.പി സ്കൂളിൽ വെച്ച് പ്രാദേശിക ചരിത്ര സെമിനാർ നടത്തിയതൊഴിച്ചാൽ മറ്റ് യാതൊരു ചെലവും ഈ പ്രോജക്ടിനായി ചെയ്തിട്ടില്ല. 23-02-18 -ലെ 3044051 നമ്പർ ചെക്ക് പ്രകാരം 38,472/- രൂപ, നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഈ സെമിനാർ നടത്തിയതിലൂടെ ഗ്രാമ പഞ്ചായത്തിന്റെ ചരിത്രം തയ്യാറാക്കുന്നതിലേക്ക് എന്തെങ്കിലും വിവരങ്ങൾ ലഭിച്ചതായി ഫയലിൽ രേഖപ്പെടുത്തി കാണുന്നില്ലെന്നും ഇത് തയ്യാറാക്കുന്നതിനായി ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവരുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച കാര്യങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് 06-10-2018 ന് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നമ്പർ - 11). ആയതിന് 08-10-18 -ന് ലഭ്യമാക്കിയ മറുപടിയിൽ, ലഭിച്ച വിവരങ്ങൾ കോർത്തിണക്കി ചരിത്രം പൂർണ്ണ രൂപത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള ശിൽപശാലകൾ നടത്തുന്നതിനുള്ള പദ്ധതി ഈ വർഷം പുതുതായി വെച്ചിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്.

2018-19 വർഷം ഈ പ്രോജക്ടിന്റെ പൂർത്തീകരണത്തിനായി തനത് ഫണ്ടിൽ നിന്നും 2,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. നിശ്ചിത കാലയളവിനുള്ളിൽ തന്നെ ഈ പ്രോജക്ട് പൂർത്തീകരിക്കാൻ കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

## 3-7 ഡെപ്പോസിറ്റ് വർക്കുകൾ സംബന്ധിച്ച്

തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന ഡെപ്പോസിറ്റ് വർക്കുകൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | വർക്കിന്റെ പേര് | ഫണ്ട് | തുക | ബിൽ/ചെക്ക് നമ്പർ | ഡെപ്പോസിറ്റ് ചെയ്ത |
|---|---|---|---|---|---|---|

| | | | | | | സ്ഥാപനം |
|---|---|---|---|---|---|---|
| 1 | 381/18 | കാരയിൽ മില്ലുംപടി മൗലാന റോഡ് പോസ്റ്റ് മാറ്റൽ | തനത് ഫണ്ട് | 32571 | 868280/21-2-18 | കെ എസ് ഇ ബി |
| 2 | 394/18 | അച്ചാപറമ്പ് -ഒട്ടവൻ കുന്ന് പദ്ധതി വൈദ്യുതീകരണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10820 | 34/17-18 21-3-18 | കെ എസ് ഇ ബി |
| 3 | 380/18 | ക്ലറക്കുന്ന് കുടി വെള്ള പദ്ധതി ലൈൻ വലിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 76681 | 26/15-2-18 | കെ എസ് ഇ ബി |
| 4 | 337/18 | ചവിടിക്കുന്ന് കുഴൽക്കിണർ നിർമ്മാണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 39020 | 31/21-3-18 | ഭൂജലവകുപ്പ് |
| 5 | 339/18 | പഞ്ചായത്ത് ഓഫീസ് കുഴൽക്കിണർ നിർമ്മാണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 31160 | 30/21-3-18 | ഭൂജലവകുപ്പ് |
| 6 | 217/18 | അംഗനവാടി കുഴൽക്കിണർ റിപ്പയർ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 20058 | 23/12-1-18 | ഭൂജലവകുപ്പ് |
| 7 | 178/18 | ഇടിഞ്ഞമണ്ണ കോളനി കുഴൽക്കിണർനിർമ്മാണം | വികസനഫണ്ട് എസി സി പി | 39450 | 35/23-3-18 | ഭൂജലവകുപ്പ് |
| 8 | 211/18 | 18 അംഗനവാടികൾക്ക് കുഴൽക്കിണർനിർമ്മാണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 817469 | 21/8-1-18 | ഭൂജലവകുപ്പ് |
| 9 | | ആകെ | | 1067229 | | |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ വർക്കുകളുടെ വിനിയോഗ സാക്ഷ്യ പത്രം, പൂർത്തീകരണ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നമ്പർ 12/8-10-18 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. 1067229 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-8 അലോപ്പതി മരുന്നുകൾ ലഭ്യമാക്കാൻ കാലതാമസം

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ഭാഗമായി മരുന്ന് വിതരണം ചെയ്യുന്നതിനായി KMSCL -ന് തുക മുൻകൂറായി നൽകിയിരുന്നു. എന്നാൽ തുക കൈപ്പറ്റി നാളിത് വരെയായിട്ടും മുഴുവൻ മരുന്നും KMSCL ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ/ പേര് | ബിൽനമ്പർ/ ചെക്ക് നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ലഭിച്ച മരുന്നുകളുടെ വിവരം | | ഇനിയും ലഭിക്കാനുള്ള മരുന്നുകളുടെ വില |
|---|---|---|---|---|---|
| | | | ഇൻവോയ്സ് നമ്പർ/തീയതി | വില | |

| | | | | | |
|---|---|---|---|---|---|
| 297/18, പി.എച്ച്. സിക്ക് മരുന്ന് വാങ്ങൽ | 8/17-18/ 26-03-18 | 3,00,000 | 7928/04-01-18<br>3745/26-06-18<br>3743/26-06-18<br>8265/12-09-18<br>950/12-09-18 | 35,120<br>50,096<br>35,318<br>6,485<br>48,906<br>1,75,925 | 1,24,075 |
| 299/18, പാലിയേറ്റീവ് കെയർ | 4/17-18/ 12-12-17 | 1,00,000 | 7295/04-01-18<br>3765/26-06-18<br>7582/29-08-18 | 63273<br>20,497<br>5,209<br>88,979 | 11,021 |
| ആകെ | | | | | 1,35,096 |

നിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ, പ്രസ്തുത മരുന്നുകൾ ലഭ്യമാക്കാൻ നാളിത് വരെ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കാനാവശ്യപ്പെട്ട് 06-10-2018 – ന് 6 -ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ മരുന്ന് കാലതാമസം കൂടാതെ ലഭ്യമാക്കാൻ 18-01-18, 28-05-18, 26-06-18, 11-09-18, 05-10-18 എന്നീ തീയതികളിൽ KMSCL -നോട് ഇ-മെയിൽ മുഖാന്തിരം ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മുഴുവൻ മരുന്നും ലഭ്യമാകുന്നത് വരെ 1,35,096 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-9 രേഖകൾ ഹാജരാക്കുന്നതു സംബന്ധിച്ച്

2017-18 വർഷത്തിൽ സെക്രട്ടറിയുടെ തനത് ഫണ്ടിന്റെ പരിശോധനാവിവരമാണ് താഴെ കൊടുത്തിരിക്കുന്നത്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയതി | വിവരണം | തുക | ഓഡിറ്റിന് ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 21700039/25-4-17 | 2016-17രണ്ടാം അർദ്ധവർഷത്തേക്കുള്ള ലൈബ്രറി സെസ് തുക അടവാക്കിയത് | 155542 | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കൈപ്പറ്റ് രശീതി |
| 2 | 21700153/8-6-17 | കേരള റൂറൽ ഡെവലപ്പ്മെന്റ് വെൽഫെയർ സൊസൈറ്റിയുടെ 2017-18 ലെ വരിസംഖ്യ അടവാക്കിയത്. | 2000 | മാനേജിംഗ് ഡയറക്ടറുടെ കൈപ്പറ്റ് രശീതി |

| | | | | |
|---|---|---|---|---|
| 3 | 21700180/16-6-17 | ഗ്രാമപഞ്ചായത്ത് അസോസിയേഷൻ വാർഷിക വരിസംഖ്യ അടവാക്കിയത് | 3000 | ജനറൽ സെക്രട്ടറിയുടെ കൈപ്പറ്റ് രശീതി |
| 4 | 21700181/16-6-17 | കേരള ഹൈക്കോടതിയിൽ wp(c)38432/15 നമ്പർ കേസ്സിൽ വക്കീൽ ഫീസായി നൽകിയത്. | 15000 | അഡ്വ. ടി രാജശേഖരൻ നായരുടെ കൈപ്പറ്റ് രശീതി. |
| 5 | 21700619/23-12-17 | പ്രോജെക്ട് നമ്പർ 314/17 പ്രകാരം വാങ്ങിയ ടാങ്ക്, കട്ടിൽഎന്നിവയിൽ പേരെഴുതുന്നതിന് ശ്രീ ശശിധരന് നൽകിയത് | 1750 | കൈപ്പറ്റ് രശീതി |
| | | ആകെ | 177292 | |

മേൽ പരാമർശിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 177292 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഇതു സംബന്ധിച്ച് നൽകിയ 13/8-10-18 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 3-10 ലൈബ്രറി പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലാണ് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ലൈബ്രറി സ്ഥിതി ചെയ്യുന്നത്. 19-1-18 നാണ് ലൈബ്രറിയുടെ ഉദ്ഘാടനം നടത്തിയിട്ടുള്ളത്. ലൈബ്രറിയുടെ സ്റ്റോക്ക് രജിസ്റ്ററിൽ മുൻവർഷങ്ങളിൽ വാങ്ങിയ 1505 പുസ്തകങ്ങൾ ഉണ്ട്. 3-4-18 ന നടത്തിയ സ്ഥല പരിശോധനയിൽ ലൈബ്രറി അടച്ചിട്ടിരിക്കുന്നതായാണ് കാണാൻ കഴിഞ്ഞത്. മൂന്ന് മാസക്കാലം ലൈബ്രറി പ്രവർത്തിച്ചിരുന്നെന്നും പിന്നീട് പ്രവർത്തനം നിർത്തിയതായും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മറുപടി നൽകി. തനത് ഫണ്ടിൽ നിന്നും 32850 രൂപ ചെലവഴിച്ച് പ്രോജെക്ട് നമ്പർ 376/18 പ്രകാരം വാങ്ങിയ കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിതരണം ചെയ്യാതെ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ലൈബ്രേറിയന്റെ പോസ്റ്റ് അനുവദിച്ചുത്തരവാകുന്നതുവരെ താൽക്കാലികാടിസ്ഥാനത്തിൽ ലൈബ്രേറിയനെ നിയമിച്ച് ലൈബ്രറിയുടെ പ്രവർത്തനം ആരംഭിക്കുകയും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്ന സാഹചര്യം സൃഷ്ടിക്കുകയും ചെയ്യേണ്ടതാണ്.

## 3-11 മഴക്കാല പൂർവ്വ ശുചീകരണം-ചെലവ് രേഖകൾ ഹാജരാക്കിയില്ല.

2017-18 വർഷത്തിൽ മഴക്കാല പൂർവ്വ ശുചീകരണത്തിനായി താഴെ പറയും പ്രകാരം മെഡിക്കൽ ഓഫീസർ പി എച്ച് സിക്ക് തുക അനുവദിച്ചിട്ടുണ്ട്.

| ഫണ്ട് | വൗച്ചർ നമ്പർ/ തീയതി | തുക |
|---|---|---|

| | | |
|---|---|---|
| ടി എസ് സി ഫണ്ട് | 21700761/23-2-18 | 116294 |
| തനത് ഫണ്ട് | 21700762/23-2-18 | 104374 |

ആകെ 220668/-

തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിലെ ആകെ 23 വാർഡുകളിൽ 22 വാർഡുകൾക്ക് 9600 രൂപ വീതവും ഒരു വാർഡിന് 9,468/- രൂപയും അനുവദിച്ചിട്ടുണ്ട്. 4, 9, 10, 11, 13, 20, 22 വാർഡുകളിലെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി. 5, 6, 7, 17, 19, 21, 23 വാർഡുകളിൽ മുൻവർഷ തുക നിലനിൽക്കുന്നതിനാൽ മേൽ തുക ചെലവഴിച്ചിട്ടില്ലെന്ന മറുപടി നൽകിയിട്ടുണ്ട്. 1, 2, 3, 8, 12, 14, 15, 16, 17 വാർഡുകളിലെ യാതൊരു വിവരവും ലഭ്യമാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മേൽ കാര്യത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി കാര്യക്ഷമമായ ഇടപെടലുകൾ നടത്തേണ്ടതാണ്. ഇതു സംബന്ധിച്ച് നമ്പർ 14/8-10-18 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് ഭാഗികമായ മറുപടിയാണ് ലഭ്യമാക്കിയത്.

## 3-12 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്- സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല.

സർക്കാർ ഉത്തരവ് (സാധ)നം 1279/2009 ത.സ്വ.ഭ.വ 30-5-09 -കുടിവെള്ള പദ്ധതികൾ നടത്തിപ്പ് സംരക്ഷണം മാർഗ്ഗരേഖ പ്രകാരം പഞ്ചായത്ത് നിർമ്മിച്ച കുടിവെള്ള പദ്ധതികളും വാട്ടർ അതോറിറ്റി പഞ്ചായത്തിന് കൈമാറിയ പദ്ധതികളും പ്രവർത്തനക്ഷമമാണെന്ന് ഉറപ്പു വരുത്തി ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇവയുടെ തുടർ നടത്തിപ്പ്, സംരക്ഷണം, അറ്റകുറ്റപ്പണി, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവയെല്ലാം ഗുണഭോക്തൃ സമിതി വഹിക്കണം.

തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറിക്കിട്ടിയ താഴെ പറയുന്ന കുടിവെള്ള പദ്ധതികൾക്ക് തനത് ഫണ്ടിൽ നിന്നും വൈദ്യുതിചാർജ് അടവാക്കുന്നുണ്ട്.

| ക്രമ നമ്പർ | കുടിവെള്ള പദ്ധതിയുടെ പേര് | കൺസ്യൂമർ നമ്പർ | 2017-18 വർഷത്തിൽ അടവാക്കിയ തുക |
|---|---|---|---|
| 1 | ഊത്തലക്കണ്ടി കുടിവെള്ള പദ്ധതി | 1991 | 42507 |
| 2 | കാരക്കുന്ന് കുടിവെള്ള പദ്ധതി | 924 | 59426 |

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രസ്തുത വിഷയം പരാമർശിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

മേൽ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിക്ക് കൈമാറാത്തതിന്റെ കാരണം

വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ 15/8-10-18 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. മേൽ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കേണ്ടതാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-13 ബാലസഭ -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

കുടുംബശ്രീയുടെ കീഴിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തി രൂപം കൊള്ളുന്ന വിഭാഗമാണ് ബാലസഭ. കുട്ടികളിൽ ജനാധിപത്യമൂല്യം വളരുന്നതിനും വിവിധ സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് അവരിൽ അവബോധം വളർത്തുന്നതിനും ബാലസഭകൾ സഹായകരമാകുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ അസി. സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി ബാലസഭയ്ക്കായി വികസനഫണ്ടിൽ നിന്നും 2,00,000 രൂപ പിൻവലിച്ചിട്ടുണ്ട്. (ബിൽ നമ്പർ 27/17-18 തി. 28-3-18). മേൽ തുക ഉപയോഗിച്ച് കേരള സ്റ്റേറ്റ് ബുക്ക്മാർക്കിൽനിന്നും പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ 179/18/KSBM 26-3-18). പുസ്തകങ്ങൾ ഗ്രാമപഞ്ചായത്തിനു കീഴിലുള്ള വിവിധ സർക്കാർ എൽപി, യുപി സ്കൂളുകൾക്ക് ലൈബ്രറി കോർണർ ഉണ്ടാക്കുവാൻ നൽകിയെന്നാണ് ഓഡിറ്റ് എൻക്വയറി നമ്പർ 17/8-10-18 ന് പഞ്ചായത്ത് മറുപടിയായി അറിയിച്ചത്.

തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീക്കു കീഴിലുള്ള 31 ബാലസഭകളിലായി 552 കുട്ടികൾ ഉണ്ട്.
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സംസ്ഥാനതല നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പ്രൊജക്ടുകൾ തയ്യാറാക്കണം. ജി ഒ (എംഎസ്)72/2017/ തസ്വഭവ തീയതി 29-3-17 13.4(2) പ്രകാരം കുട്ടികളുടെ കലാ-കായിക-മാനസിക-സാംസ്കാരിക-പങ്കാളിത്ത വികസനം ലക്ഷ്യമിട്ട് കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗമായി നടപ്പാക്കി വരുന്ന ബാലസഭ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീ മാനദണ്ഡങ്ങൾക്കു വിധേയമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 3-14 വനിതകൾക്ക് ശിങ്കാരിമേളം-പദ്ധതി ഫലപ്രാപ്തിയിലെത്തിയിട്ടില്ല.

| | |
|---|---|
| വർഷം | 2017-18 |
| പ്രൊജക്ട് നമ്പർ | 291/18 |
| പ്രൊജക്ടിന്റെ പേര് | വനിതകൾക്ക് ശിങ്കാരിമേളം -പട്ടികജാതി |

| | |
|---|---|
| | |
| അടങ്കൽ | 360000 വികസനഫണ്ട് |
| | 18000 ഗുണഭോക്തൃ വിഹിതം |
| സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | വികസന സ്റ്റാന്റിംഗ് കമ്മിറ്റി -1/19-10-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |

വനിതകൾക്ക് ശിങ്കാരിമേളം പരിശീലനം നൽകുകയും മേള ഉപകരണങ്ങൾ വാങ്ങി നൽകി അവർക്ക് പ്രസ്തുത മേഖലയിൽ തൊഴിൽ ലഭ്യമാക്കുകയുമാണ് പ്രൊജക്ടിന്റെ ലക്ഷ്യം. പദ്ധതിയിൽ ആകെ 21 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. പരിശീലനം നൽകുന്നതിനുവേണ്ടി അപ്സര ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്കിൽ ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് ഒറ്റപ്പാലം, എന്ന സ്ഥാപനത്തെ ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുത്തിട്ടുണ്ട്. സ്ഥാപനം 20 ദിവസം പരിശീലനം നൽകിയിട്ടുണ്ട്.

ബിൽ നമ്പർ 19/17-18 തി 19-3-18 പ്രകാരം വികസനഫണ്ടിൽ നിന്നും 276100 രൂപ പിൻവലിക്കുകയും അപ്സര ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

5-2-18 മുതൽ 3-3-18 വരെയുള്ള പരിശീലനത്തിന് 66000 രൂപയും (ഇൻവോയ്സ് നമ്പർ 516/3-3-18), വാദ്യോപകരണങ്ങൾ -ചെണ്ട, ഇലത്താളം, കച്ച മുതലായവ വാങ്ങിയതിന് 212030 രൂപയുമാണ് ചെലവ് വന്നിട്ടുള്ളത്. (ഇൻവോയ്സ് നമ്പർ-18/3-3-18). മേൽ പ്രൊജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 അപ്സര ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പണം കൈപ്പറ്റിയതിന്റെ ഒറിജിനൽ രശീതി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2 കുഞ്ഞിലക്ഷ്മി, ബിന്ദു എന്നീ ഗുണഭോക്താക്കൾ പത്തിൽ താഴെ ദിവസങ്ങളിൽ മാത്രമെ പരിശീലനത്തിൽ പങ്കെടുത്തിട്ടുള്ളൂ.

3 വാദ്യോപകരണങ്ങൾ സ്റ്റോക്കിലെടുത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത വിവരം ലഭ്യമാക്കിയില്ല. ഉപകരണങ്ങൾ ദുരുപയോഗം ചെയ്യുകയോ കൈമാറുകയോ ചെയ്യുകയില്ലെന്ന്

ഗുണഭോക്താക്കൾ കരാർ വച്ചിട്ടില്ല. ഇവരുൾപ്പെടുന്ന ഗ്രൂപ്പ് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ല. നിലവിൽ ശാന്ത എന്ന ഗുണഭോക്താവിന്റെ വീട്ടിൽ വാദ്യോപകരണങ്ങൾ സൂക്ഷിച്ചിരിക്കുകയാണ്.

4 വാദ്യോപകരണങ്ങളുടെ ഗുണനിലവാരം പ്രസ്തുത രംഗത്തെ വിദഗ്ധൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5വാദ്യോപകരണങ്ങൾ നൽകിയ പരിശീലന സ്ഥാപനവുമായി ഗ്രാമപഞ്ചായത്ത് ഉണ്ടാക്കിയ കരാറിൽ ഉപകരണങ്ങൾ കേടുവന്നാൽ മാറ്റി നൽകുന്നതിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല.

6 8-10-18 ന് നടത്തിയ സ്ഥല പരിശോധനയിൽ അഞ്ച് ചെണ്ടകൾ കേടുവന്നതിനാൽ സ്ഥാപനം തിരിച്ചു കൊണ്ടുപോയതായി കാണാൻ കഴിഞ്ഞു. ചെണ്ടകൾ തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

7 പദ്ധതി ഫലപ്രദമായി മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

8 പ്രമീള, ഷൈനി എന്നീ ഗുണഭോക്താക്കളുമായി സംസാരിച്ചതിൽ ഗുണഭോക്താക്കൾ ഇപ്പോഴും സ്വന്തം ചെലവിൽ പരിശീലനം നടത്തുകയാണെന്നും പുറത്തു കാര്യമായി പരിപാടികൾ സംഘടിപ്പിച്ചിട്ടില്ലെന്നും അറിയിച്ചു.

ശിങ്കാരിമേളത്തിൽ മുമ്പ് പ്രാവീണ്യം നേടിയ ഗുണഭോക്താക്കൾ അല്ലാത്തതിനാലും പഞ്ചായത്ത് നൽകിയ പരിശീലനം അപര്യാപ്തമായതിനാലും സ്വന്തം നിലയിൽ പരിശീലനം നടത്തുകയാണെന്നും അപാകതകൾ ഭാവിയിൽ പരിഹരിക്കുമെന്നും എക്സിറ്റ് മീറ്റിംഗിൽ പ്രസിഡന്റ് ഉറപ്പു നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 21/9-10-18 ന് മറുപടി നൽകിയിട്ടുണ്ട്.

അപാകതകൾ പരിഹരിക്കുകയും പ്രൊജക്ടിന്റെ ഫലപ്രാപ്തി ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

## 3-15 അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ

2017-18 വർഷത്തിൽ പഞ്ചായത്തിനുകീഴിൽ 49 അങ്കണവാടികളുണ്ട്. ഇതിൽ 46 എണ്ണം സ്വന്തമായ കെട്ടിടത്തിലും 3 എണ്ണം വാടകകെട്ടിടത്തിലുമാണ് പ്രവർത്തിയ്ക്കുന്നത്. 49 അങ്കണവാടികൾക്കും ടോയ്‌ലറ്റ്, ഗ്യാസ് കണക്ഷൻ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. 19 അങ്കണവാടികൾക്ക് കുടിവെള്ളവും 13 എണ്ണത്തിന് ചുററുമതിലും ഇനിയും ലഭ്യമാക്കേണ്ടതുണ്ട്.

സ്വന്തമായി കെട്ടിടമുള്ള 46 അങ്കണവാടികളിൽ 5 അങ്കണവാടികൾ പുതുക്കിപ്പണിയുന്നതിനായി വാടകകെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. സ്വന്തമായ കെട്ടിടമില്ലാത്ത അങ്കണവാടിക്ക് സ്ഥലം കണ്ടെത്തുകയും പദ്ധതി ഫണ്ട് ഉപയോഗിച്ച് അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്. അങ്കണവാടികളുടെ കെട്ടിടങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധന നടത്തി ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

ഇക്കാര്യത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധ പതിപ്പിയ്ക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ച തുക | പദ്ധതി, പേര് നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് വണ്ടൂർ | 0 | 85000 | നെൽകൃഷി കൂലിചെലവ് 280/18 | 85000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് വണ്ടൂർ | 0 | 200000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് 270/18 (ജനറൽ) | 200000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് വണ്ടൂർ | 0 | 100000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് 276/18 (എസ്.സി) | 100000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് വണ്ടൂർ | 254472 | 500000 | പാലിനു സബ്സിഡി 301/18 | 500000 | 254472 |
| ജില്ലാ പഞ്ചായത്ത് | 0 | 500000 | നീലങ്ങോട് അങ്കണവാടി കെട്ടിട നിർമാണം 5/18 | 0 | 500000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയതുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ | ഇടിഞ്ഞമണ്ണ കോളനി കുഴൽകിണർ നിർമാണം | 35/17-18 23.3.18 | 39450 | 39450 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 0 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ | 18 അംഗനവാടികൾക്ക് കുഴൽ കിണർനിർമാണം | 21/17-18 22.12.17 | 817469 | 817469 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 0 |
| ഗ്രൗണ്ട് വാട്ടർ | അംഗനവാടികൾക്ക് കുഴൽ കിണർ റിപ്പയർ | 23/17-18 12.1.18 | 20058 | 20058 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 0 |
| കെ എസ് ഇ ബി | ചെരണി സൂര്യ റോഡ് സ്ട്രീറ്റ് ലൈൻ | ചെക്ക് നം 868199 | 49700 | 49700 | പൂർത്തീകരിച്ചു | 0 |
| കെ എസ് ഇ ബി | പുതിയാലത്തി കുന്ന് മുതൽഅംഗനവാടി വരെ ലൈൻ വലിയ്ക്കൽ | ചെക്ക് നം 868175 | 49955 | 49955 | പൂർത്തീകരിച്ചു | 0 |
| കെ എസ് ഇ ബി | പളിയാറ്റ കുന്ന് മുതൽഅംഗനവാടി വരെ ലൈൻ വലിയ്ക്കൽ | 16/17-18 30.11.17 | 92910 | 92910 | പൂർത്തീകരിച്ചു | 0 |
| ഗ്രൗണ്ട് വാട്ടർ | ചവിടി കുന്ന് കുഴൽകിണർ നിർമാണം | 31/17-18 21.3.18 | 39020 | 39020 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 0 |
| ഗ്രൗണ്ട് വാട്ടർ | പഞ്ചായത്ത് ഓഫീസ് കുഴൽകിണർ | 30/17-18 21.3.18 | 31160 | 31160 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 0 |
| കെ എസ് ഇ ബി | ആലുങ്ങപറമ്പ് കുടിവെള്ള പദ്ധതി | ചെക്ക് നം 868231 | 43250 | 43250 | പൂർത്തീകരിച്ചു | 0 |
| കെ എസ് | കുറകുന്ന് കുടിവെള്ള | 26/17-18 | 76681 | 76681 | വിനിയോഗ | 0 |

| | | | | | | |
|---|---|---|---|---|---|---|
| ഇ ബി | പദ്ധതി | 15.2.18 | | | സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | |
| കെ എസ് ഇ ബി | കാരയിൽ മില്ലും പടി മൗലാന റോഡ് പോസ്റ്റ് മാറ്റൽ | ചെക്ക് നം 868231 | 32571 | 32571 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 0 |
| കെ എസ് ഇ ബി | അച്ചംപറമ്പ് ഒട്ടവൻകുന്ന് പദ്ധതി വൈദ്യുതീകരണം | 34/17-18 21.3.18 | 10820 | 10820 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

(എ) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല

(ബി) വായ്പ തിരിച്ചടവിന്റെ വിവരം.

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1931655 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 153198 |
| ആകെ | 2084853 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2084853 |

2017-18 വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷപത്തിന്റെ വിവരം | തുക |
|---|---|
| കേരള ഗ്രാമീൺ ബാങ്ക് എളങ്കൂർ | 2047499 (രശീതി നം 165660) |

| | |
|---|---|
| കേരള ഗ്രാമീണ്‍ ബാങ്ക് എളങ്കൂര്‍ | 37354 (രശീതി നം 165661) |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തില്‍ തന്‍വര്‍ഷം തുക ഈടാക്കിയിട്ടില്ല

## 4-7 സമാഹൃത റിപ്പോര്‍ട്ടില്‍ ഉള്‍പ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാര്‍ജ് /സര്‍ചാര്‍ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വര്‍ഷത്തെ ആകെ വരവ് | 95659618 |
| ഓഡിറ്റ് വര്‍ഷത്തെ ആകെ ചെലവ് | 95640904 |
| വരവിനങ്ങളിലുള്ള നഷ്ടം | 1300 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റില്‍ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റില്‍ തടസ്സപ്പെടുത്തിയ തുക | 1439147 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പര്‍ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാര്‍ജ് | സര്‍ചാര്‍ജ് | |
| 2-1 | 1300 | | ശ്രീ ഷാനിര്‍.കെ സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 59530 | ശ്രീമതി ആമിന, ഐ സി ഡി എസ് സൂപ്പർവൈസർ |
| 3-7 | 1067229 | സെക്രട്ടറി, ശ്രീ. ഷാനിർ.കെ |
| 3-8 | 135096 | ഡോ.ജയനാരായണൻ മെഡിയ്ക്കൽ ഓഫീസർ (പി.എച്ച്.സി) |
| | | |
| 3-9 | 177292 | സെക്രട്ടറി, ശ്രീ.ഷാനിർ.കെ |

ആകെ 1439147

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഷാനിർ.കെ സെക്രട്ടറി | സെക്രട്ടറി തുവ്വൂർ ഗ്രാമപഞ്ചായത്ത് | ശ്രീ. ഷാനിർ കെ കുരിക്കാടൻ ഹൗസ് എടത്തനാട്ടുകര പി ഒ പാലക്കാട് ജില്ല പി.678601 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ എഫ് എം15/509/2000/23.10.10 | 2 |
| 1997-98 | എൽ എഫ് എം6/1359/07/23.10.10 | 33 |
| 1998-99 | എൽ എഫ് എം15/979/07<br>തീയതി 23-10-10 | 33 |
| 1999-00(വരവ്) | എൽ എഫ് എം 6/1779/07<br>തിയതി 23-10-10 | 8 |
| 2000-01(വരവ്) | എൽ എഫ് എം6/1780/07 തീ.തി 23.10.10 | 9 |
| 2001-02(വരവ് | എൽ എഫ് എം6/1781/07/23.10.10 | 11 |
| 1999-02(ചെലവ്) | എൽ എഫ് എം6/1537/07/23.10.10 | 60 |
| 2002-03 | എൽ എഫ് എം6/1782/07/23.10.10 | 15 |
| 2003-04 | എൽ എഫ് എം6/1972/07/23.10.10(2) | 57 |
| 2004-05 | എൽ എഫ് എം6/1736/08/23.10.10 | 16 |
| 2005-06 | എൽ എഫ് എം6/1737/08/13.2.09 | 8 |
| 2006-07 | എൽ എഫ് എം6/1694/09/1.12.09 | 30 |
| 2007-08 | എൽ എഫ് എം8/1486/11/12.6.12 | 15 |
| 2008-09 | എൽ എഫ് എം8/1487/11/21-05-12 | 17 |
| 2009-10<br>2010-11 | എൽ എഫ് എം5/2432/13/15.7.14 | 12 |
| 2011-12<br>2012-13 | കെ എസ് എ എം പി എം5/914/15/31.7.17 | 26 |
| 2013-14<br>2014-15 | കെ എസ് എ എം പി എം 5/1579/16/22.6.17 | 26 |

| | | |
|---|---|---|
| 2015-16 | കെ എസ് എ എം പി എം5/3398/16/20.2.18 | 20 |
| 2016-17 | കെ എസ് എ എം പി എം5/1953/17/26.7.18 | 16 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 1

## ഓഡിററ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം.9/1262/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ:dompm.ksad@kerala.gov.in

തീയ്യതി 04-07-2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്